# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്**

2019 ശ്രീ. പി. ഉബൈദുള്ള
,, പി.ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത്, ഇക്കാര്യത്തിൽ നിശ്ചയിച്ചിരുന്ന കാലപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളാതെ നീട്ടിക്കൊണ്ടുപോകാനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിലൂടെ സംസ്ഥാന സഹകരണ മേഖലയ്ക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ നിക്ഷേപ പലിശ നിരക്ക്</u>

2020 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ നിക്ഷേപ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്ന പലിശ നിരക്കും പുതുക്കി നിശ്ചയിച്ച നിരക്കും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിക്ഷേപ പലിശ നിരക്ക് കുറച്ചതിനാനുപാതികമായി വായ്പകളുടെ പലിശ നിരക്കിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വായ്പകൾക്ക് എത്ര ശതമാനം വീതം കുറച്ചെന്നും ഏതെല്ലാം ഇനം വായ്പകൾക്ക് പലിശ വർദ്ധിപ്പിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ പലിശ കുറവ് നടപടി സഹകരണ നിക്ഷേപങ്ങളെ കാര്യമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ**

**2021** **എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി ഇപ്പോൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകുന്ന കാര്യം ആലോചിക്കുമോ;

(ബി) സഹകരണ വകുപ്പിനുകീഴിലുള്ള പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ഇപ്പോൾ വായ്പയോ സഹായമോ നൽകി വരുന്നുണ്ടോ;? ഇല്ലെങ്കിൽ ഇക്കാര്യവും പരിഗണിക്കുമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**നബാർഡ് നൽകുന്ന കാർഷിക വായ്പകൾ**

**2022**

**ഡോ. ടി. എം. തോമസ് ഐസക്**
**ശ്രീ. കെ. രാധാകൃഷ്ണൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് നൽകുന്ന കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ടോ;

(ബി) ഇപ്പോൾ കാർഷിക വായ്പയ്ക്ക് നബാർഡ് ഈടാക്കുന്ന പലിശ നിരക്കും കൃഷിക്കാർ നൽകേണ്ടി വരുന്ന പലിശ നിരക്കും സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) തന്നാണ്ടിൽ കാർഷിക വായ്പ നൽകുന്നതിന് നബാർഡ് സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തു തുക വീതം അനുവദിക്കുകയുണ്ടായി എന്ന് വിശദമാക്കാമോ;

(ഡി) നബാർഡ് തുക പലിശരഹിതവായ്പയായി കൃഷിക്കാർക്ക് നൽകുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഇതിനകം എന്തു തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്;

(ഇ) കേന്ദ്രസർക്കാർ ഹ്രസ്വകാല വായ്പകൾക്ക് നൽകിവരുന്ന സബ്സിഡിയും കൃത്യമായി വായ്പ തിരിച്ചടച്ചാൽ ലഭിക്കുന്ന 5 ശതമാനം പലിശയിളവും അല്ലാതെ മേല്പറഞ്ഞ നിലയിൽ പലിശ രഹിത വായ്പ നൽകുന്നതിന് സർക്കാരിന് പുതിയ എന്തെങ്കിലും പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

### ഹൗസിംഗ് സഹകരണ സംഘങ്ങളിലെ പ്രതിസന്ധി

2023 ശ്രീ. ജി. സുധാകരൻ
,, എം. ഹംസ
,, സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷനുള്ള ഹൗസിംഗ് സംഘങ്ങൾ, ഭവന വായ്പകൾ നൽകാൻ കഴിയാതെ പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫെഡറേഷന് ദേശീയ ഹൗസിംഗ് ഫെഡറേഷനിൽ നിന്നും കിട്ടേണ്ടിയിരുന്ന വായ്പ എത്രയായിരുന്നു; അത് കിട്ടാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) ഫെഡറേഷൻ സാമ്പത്തിക പ്രതിസന്ധിയിലാണോ; എങ്കിൽ കാരണമെന്ത്; ഫെഡറേഷന്റെ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം എത്ര കോടിയാണ്?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്‍**

**2024 ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്‍ പരിഗണിച്ച വായ്പയില്‍ കടാശ്വാസം അനുവദിച്ച കേസുകളില്‍ സഹകരണ ബാങ്കുകള്‍ക്ക് സര്‍ക്കാര്‍ ആവശ്യമായ നിര്‍ദ്ദേശം നല്‍കാത്ത കേസുകള്‍ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കമ്മീഷന്റെ നിര്‍ദ്ദേശം പരിഗണിച്ച് കടം ഇളവുചെയ്യാന്‍ നിര്‍ദ്ദേശിച്ച കേസുകളില്‍ ഏതെങ്കിലും സഹകരണ സംഘങ്ങള്‍ കക്ഷികള്‍ക്കു ആനുകൂല്യം നല്‍കാത്തതായുണ്ടോ;

(സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാര്‍ശ പ്രകാരം കടാശ്വാസം അനുവദിച്ചിട്ടുള്ള ശ്രീ. ഐ.രാജു, വലിയ കരിച്ചിറ, മരുത്തോര്‍വട്ടം.പി.ഒ, ചേര്‍ത്തല എന്ന കക്ഷിക്ക് ചേര്‍ത്തല മുട്ടത്തിപ്പറമ്പ് ശ്രീകണ്ഠമംഗലം സര്‍വ്വീസ് സഹകരണബാങ്ക് (നമ്പര്‍.974) കടാശ്വാസ പ്രകാരമുള്ള ആനുകൂല്യം നല്‍കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഡി) ശ്രീ. രാജുവിന് ഈ ആനുകൂല്യം ലഭ്യമാക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>കാർഷികവായ്പകളുടെ പലിശ</u>**

**2025 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാർഷിക വായ്പകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ശതമാനം പലിശയാണ് ഈടാക്കി വരുന്നത്;**

(ബി) **2008 ൽ കാർഷിക വായ്പ എടുത്തവർക്ക് പലിശ കാലാവധി പുതുക്കാത്തതു കാരണം ഇരട്ടിയാക്കാൻ സംസ്ഥാന സഹകരണ ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;**

(സി) **2012-13 സാമ്പത്തിക കാലയളവിൽ കാർഷിക വായ്പയ്ക്ക് 0% പലിശ എന്നത് സംസ്ഥാന സഹകരണ ബാങ്ക് അംഗീകരിച്ചിട്ടുണ്ടോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>സഹകരണമേഖലയിൽ കമ്പ്യൂട്ടർവൽക്കരണം</u>

2026 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാത്ത ഏതെങ്കിലും സഹകരണ/അർബൻ, സർവ്വീസ് ബാങ്കുകൾ നിലവിലുണ്ടോ ;

(ബി) ഭൂരിപക്ഷം സർവ്വീസ് സഹകരണബാങ്കുകളും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇൻഫർമേഷൻ സിസ്റ്റം ഓഡിറ്റിങ്ങ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ശ്രദ്ധയിലുണ്ടോ ;

(സി) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിർബന്ധമാക്കത്തക്ക രീതിയിലുള്ള നിയമങ്ങൾ ഇന്ന് നിലവിലുണ്ടോ ; ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇൻഫർമേഷൻ സിസ്റ്റം ആഡിറ്റിങ്ങ് നടപ്പിലാക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ; ഇതിനനുസരിച്ച് ആഡിറ്റ് മാന്വൽ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി**

**2027** **ശ്രീ. സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സഹകരണലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര അപ്പെക്സ്, കേന്ദ്ര, പ്രൈമറി സംഘങ്ങളിലാണ് ലൈബ്രറികൾ തുടങ്ങിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകാമോ ;

(സി) സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കരുത്തുപകർന്ന പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രഗ്രന്ഥം സംസ്ഥാനത്തെ സഹകരണലൈബ്രറികളിൽ വാങ്ങണമെന്നു നിർദ്ദേശിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടും ജില്ലാതല-താലൂക്കുതല ഉദ്യോഗസ്ഥന്മാർ ഇതിന്മേൽ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ചന്വേഷിക്കാമോ ; അടിയന്തിരമായി പനമ്പിള്ളിയുടെ ജീവചരിത്രഗ്രന്ഥം സഹകരണലൈബ്രറികളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തില്‍പ്പെട്ടവരുടെ വായ്പ എഴുതിത്തള്ളല്‍</u>

2028 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വിഭാഗത്തില്‍പ്പെട്ടവരുടെ വായ്പകളില്‍ ഇരുപത്തിയയ്യായിരം രൂപവരെ എഴുതിത്തള്ളാന്‍ നേരത്തെയുണ്ടായിരുന്ന സഹകരണ ബാങ്കുകളുടെ പദ്ധതി ഇപ്പോള്‍ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എസ്.സി/എസ്.ടി. വിഭാഗങ്ങളെ സഹായിക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോള്‍ നിലവിലുള്ളത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം**

**2029** **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം ഇതുവരെ എത്രകോടി രൂപയാണ് ഉള്ളത്. കിട്ടാക്കടം വർദ്ധിക്കാനുണ്ടായ കാരണം എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>പുതിയ സഹകരണ സംഘങ്ങൾ</u>**

**2030 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു; എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിട്ടു; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പുതിയതായി സഹകരണസംഘങ്ങൾ**

**2031 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഏതെല്ലാം മേഖലകളിലാണ് പുതിയതായി സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;**

(ബി) **ഉണ്ടെങ്കിൽ അവയ്ക്കുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി സഹകരണ സംഘങ്ങൾ**

2032

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;**

(ബി) **സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;**

(സി) **തകർച്ച നേരിടുന്ന പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?**

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>സഹകരണ വായ്പാ റിസ്ക് ഫണ്ട്</u>**

**2033 ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുളള ഉത്തരവുകളുടെയും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>റിസ്ക്ക് ഫണ്ടിലേയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി</u>**

**2034** **ശ്രീ. ബി.ഡി ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സഹകരണ വികസന ക്ഷേമനിധി ഓഫീസ് വഴി അനുവദിക്കുന്ന റിസ്ക്ക് ഫണ്ടിലേയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിനും, സഹകാരികൾക്ക് റിസ്ക്ക് ഫണ്ട് വഴി ലഭിയ്ക്കുന്ന സഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പുന്നപ്ര സഹകരണ ആശുപത്രിയിലെ ഹൃദയശസ്ത്രക്രിയാ വിഭാഗം**

**2035** **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയാ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്നറിയിക്കുമോ ; എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം എന്ന് പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) പുന്നപ്ര സഹകരണ ആശുപത്രിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ പിരിച്ചുവിടൽ</u>**

**2036**

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതികൾ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്;**

(ബി) **അവ ഏതെല്ലാമെന്നും ഭരണ സമിതികൾ പിരിച്ചുവിടാനുണ്ടായ സാഹചര്യങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിൽ ജോലിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഡ്യൂട്ടിലീവ്**

**2037 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിൽ ജോലി ചെയ്തുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് നിലവിൽ എത്ര ദിവസത്തെ ഡ്യൂട്ടിലീവാണ് അനുവദിക്കുന്നത്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയിഡഡ് സ്ക്കൂൾ/എയിഡഡ് കോളേജ് അധ്യാപകർ, അദ്ധ്യാപകേതര ജീവനക്കാർ എന്നിവർക്ക് എത്ര ദിവസത്തെ ഡ്യൂട്ടി ലീവാണ് അനുവദിക്കുന്നത്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ സഹകരണ ബാങ്ക് ജീവനക്കാർക്ക് ഡ്യൂട്ടിലീവ് വർദ്ധിപ്പിക്കണമെന്നത് സംബന്ധിച്ച് നല്കിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ നിക്ഷേപം**

**2038** **ശ്രീ. സണ്ണി ജോസഫ്**
**,, പാലോട് രവി**
**,, പി. സി. വിഷ്ണുനാഥ്**
**,, എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സഹകരണ ബാങ്ക് നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത് കൊണ്ട് നിക്ഷേപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;**

# കേരള നിയമസഭ
# 19.06.2012 -ലെ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

2039 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ഏകീകൃത പദ്ധതി ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണസംഘം ജീവനക്കാരിൽ നിന്നും സ്വരൂപിക്കപ്പെട്ടിട്ടുളള പണം മറ്റെന്തെങ്കിലും തരത്തിൽ വകമാറ്റി ചെലവഴിയ്ക്കുവാൻ സർക്കാർ ആലോചിച്ചുവരുന്നുണ്ടോ;

(ഡി) നിലവുളളതിനേക്കാൾ കൂടുതലായി മറ്റെന്തെല്ലാം ആകർഷകങ്ങളായ പദ്ധതികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കേപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജിലെ ഫീസ് ഘടന**

2040 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊച്ചി സഹകരണ മെഡിക്കൽ കേളേജിൽ 2009-10 വർഷത്തിൽ മെരിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. സീറ്റുകളിലെ ഫീസ്ഘടന എന്തായിരുന്നു;

(ബി) 2012-13 അധ്യയന വർഷത്തിൽ സഹകരണ മെഡിക്കൽ കോളേജിലെ ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**'സസ്നേഹം' പദ്ധതി**

2041 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'സസ്നേഹം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.06.2012 -ലെ മറുപടിക്ക്

## സഹകരണ സംഘങ്ങൾ വഴി കൊപ്ര സംഭരണം

2042 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ നിസ്സംഗതമൂലം കൊപ്ര സംഭരണം കാര്യക്ഷമമായി നടക്കാത്തതിനാൽ നാളീകേര കർഷകർക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സഹകരണ വകുപ്പിനു കീഴിൽ പുതിയ മാവേലി സപ്ലൈകോ സ്റ്റോറുകൾ</u>**

2043 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സഹകരണ വകുപ്പിൻ കീഴിൽ പുതിയ മാവേലി/സപ്ലൈകോ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെമെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പുളിങ്കുന്ന് പഞ്ചായത്തിൽ മാവേലി സ്റ്റോർ നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ കീഴിൽ ഒരു ന്യായവില മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**നന്മ സ്റ്റോറുകളുടെ പ്രവർത്തനം**

2044 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നന്മ സ്റ്റോറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഈ സ്റ്റോറുകൾ പ്രവർത്തിക്കുന്നത് ;

(ബി) സംസ്ഥാനം മുഴുവനും ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>തൃപ്തി സ്റ്റോറുകൾ</u>**

**2045** ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
,, എ.റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃപ്തി സ്റ്റോറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിൽപനയിലൂടെ തൃപ്തി സ്റ്റോറുകൾ വഴി എന്തെല്ലാം ഉൽപന്നങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; സംസ്ഥാനത്ത് മുഴുവനും തൃപ്തി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി എടുക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>കൺസ്യൂമർ ഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ</u>**

2046 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൺസ്യൂമർ ഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യുകയുണ്ടായിയെന്നും ഏതെല്ലാം സീസണുകളിലാണ് വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചത് എന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള വിപണന കേന്ദ്രങ്ങളാണ് ഈ കാലയളവിൽ പ്രവർത്തനമാരംഭിച്ചത്, വിശദമാക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>ഖാദി മേഖലയിൽ പുതിയ സംരംഭങ്ങൾ</u>**

**2047 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദിമേഖലയിൽ എത്ര പുതിയ സംരഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ;**

(ബി) **ഇതുപ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;**

(സി) **ഖാദിമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?**

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**2011-12 ലെ ബഡ്ജറ്റിൽ ഖാദിഗ്രാമ വ്യവസായങ്ങൾക്കായി വകയിരുത്തിയിരുന്ന തുക**

**2048 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ ബഡ്ജറ്റിൽ ഖാദിഗ്രാമ വ്യവസായങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ഈ കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്നും ഖാദി ഗ്രാമ വ്യവസായ കമ്മീഷനിൽ നിന്നും എത്ര തുക ധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അവ ഓരോന്നിനുംവേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**ഖാദിഗ്രാമ വ്യവസായ വകുപ്പിന്റെ പുതുതായി തുടങ്ങുന്ന വ്യവസായങ്ങൾ**

**2049 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമ വ്യവസായ വകുപ്പ് പുതുതായി ഏതെല്ലാം വ്യവസായങ്ങൾക്കാണ് അനുവാദം നല്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) അവയ്ക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) വളരെക്കാലം പ്രവർത്തിച്ച് നഷ്ടം മൂലം നിർത്തേണ്ടി വന്ന സ്ഥാപനങ്ങൾ പരിശോധിച്ചു വീണ്ടും ഏറെ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന രൂപത്തിൽ തുടങ്ങാനുള്ള അനുവാദം നല്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സഹകരണ സംഘങ്ങളിൽ ലൈബ്രറി**

**2050 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എത്ര സഹകരണ സംഘങ്ങളിൽ ലൈബ്രറികൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ;

(ബി) ലൈബ്രറികൾ ആരംഭിക്കാത്ത സംഘങ്ങളിൽ ലൈബ്രറി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ലൈബ്രറികൾ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വടകര ഇഷ്ടിക നിർമ്മാണ സൊസൈറ്റി</u>

2051 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ വക വടകര ഇഷ്ടിക നിർമ്മാണ സൊസൈറ്റിയുടെ പ്രവർത്തനം നടക്കാതായിട്ട് എത്ര വർഷമായി;

(ബി) ഖാദി ബോർഡിനടക്കം എത്ര തുക കടമുണ്ട്;

(സി) ഏകദേശം 2 ഏക്കറോളം വരുന്ന സൊസൈറ്റിയുടെ സ്ഥലത്തിൽ കടം വീട്ടാനുളളത് കഴിച്ച് ബാക്കി വരുന്ന സ്ഥലത്ത് ഖാദിബോർഡിന്റെ കീഴിൽ പുതിയ ചെറുകിട വ്യസായം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ഇ. എം. എസ്. സ്മാരക മാറ്റ് & മാറ്റിംഗ്സ് സൊസൈറ്റി</u>

**2052 ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ ഇ.എം.എസ്. സ്മാരക മാറ്റ് & മാറ്റിംഗ്സ് സൊസൈറ്റി ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ ; ഇല്ലെങ്കില്‍ അതിനുളള കാരണം വ്യക്തമാക്കുമോ ; ഇത് പ്രവര്‍ത്തിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ :

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ പ്രവര്‍ത്തിക്കുന്ന കയര്‍- കൈത്തറി സംഘങ്ങള്‍ ഏതെല്ലാമെന്നും, എവിടെയെല്ലാം എന്നും വ്യക്തമാക്കാമോ ;

(സി) വീവേഴ്സ് സൊസൈറ്റികളെ സംരക്ഷിക്കുന്നതിനും സഹായിക്കു ന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുളളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചന്തിരൂരിൽ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ്**

**2053 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചന്തിരൂരിൽ പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് ആരംഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള അനാസ്ഥയ്ക്ക് ഉത്തരവാദികൾ ആരെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പണം ലഭ്യമായിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെയിരിക്കുന്നതിന് കാരണമെന്താണെന്ന് അറിയിക്കുമോ ;

(സി) മന:പൂർവ്വം നിർമ്മാണ നടപടികൾ വൈകിക്കുന്നതാണെങ്കിൽ കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പൊന്നാനി മണ്ഡലത്തിലെ ഐസ് ഫാക്ടറികൾ**

**2054 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ ഐസ് ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ബോർഡിന്റെ അംഗീകാരമുളള എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട് ; അവയുടെ പേരു വിവരം വിശദമാക്കാമോ ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>കയർ വ്യവസായ യൂണിറ്റുകൾ പുറന്തള്ളുന്ന മാലിന്യങ്ങൾ</u>**

**2055 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ യൂണിറ്റുകൾ പുറന്തള്ളുന്ന മാലിന്യങ്ങൾ അപകടകരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?